# ഇടശ്ശേരി – പൈതൃകത്തിന്റെ വരമൊഴിക്കൂട്ടുകൾ

ഡോ. എൻ. അജിത്കുമാർ

കാലത്തെ പുനർനിർമ്മിക്കാനും അപനിർമ്മിക്കാനും കഴിവുള്ളവനാണ് എഴുത്തുകാരൻ. വാഴ്ചയുടെ ശക്തിയെക്കാളും വാക്കിന്റെ ശക്തിക്ക് പ്രസരണമേറുമെന്നതിനു ലോകചരിത്രത്തിൽ നിരവധി ഉദാഹരണങ്ങളുണ്ട്. വാക്കിന്റെ ഈ ചൈതന്യത്തിനു പശ്ചാത്തലമായി പാരമ്പര്യത്തിന്റെ ഊർജ്ജസ്രോതസ്സുണ്ടെന്ന കാര്യം അവിതർക്കിതമാണ്. അതീതകാലങ്ങളിൽ നിന്നൊഴുകിയെത്തുന്ന വഴക്കങ്ങളുടെ ഇശലടക്കം ഏതു വാക്കിന്റെ മുഴക്കങ്ങളിലുമുണ്ടാകും. സംസ്കാരത്തിന്റെ ആദിസ്രോതസ്സുകളെ അറിയിക്കുന്ന പ്രയുക്തഘടകമായി വാങ്മയകലയെ ഉപാസിക്കുന്ന എഴുത്തുകാരൻ താൻ ജീവിച്ചുപുലരുന്ന ഭൂമികയോടു കാട്ടുന്ന പ്രതിജ്ഞാബദ്ധത അനുഷ്ഠാനമായിത്തന്നെ പരിഗണിക്കപ്പെടുകയും ചെയ്യും. മലയാളത്തിന്റെ ഈ പരിസരബദ്ധതയിൽ പരിഗണിക്കപ്പെടേണ്ട നീണ്ടനിരയിൽ തിളക്കം കൊണ്ടും ഒതുക്കംകൊണ്ടും സ്മൃതിപഥത്തിൽ ആദ്യമെത്തുന്ന നാമം ഇടശ്ശേരിയുടേതായിരിക്കും.

പരിണാമവിധേയമായ ജീവിതസാഹചര്യങ്ങളിൽ പെട്ടെന്നു മാറ്റത്തിനു വഴിപ്പെടാത്ത ചില മൂല്യങ്ങൾ എപ്പോഴുമുണ്ടാകും. പാരമ്പര്യത്തിന്റെ അനുസ്യൂതമായി നിലനില്ക്കുന്ന ഘടകങ്ങളായിരിക്കും ഒരു ജനതയുടെ സംഘാത്മകസ്വഭാവത്തെ നിർവ്വചിക്കുന്നത്. ജനജീവിതപഠനം ഇച്ഛിക്കുന്ന ഏതു വിദ്യാർത്ഥിയും കൂട്ടുവാഴ്ചയുടെ പൊതുധാരയെ ഒഴിവാക്കാറില്ല. ഈ വഴക്കങ്ങളെയാണ് ഫോക് ലോറെന്നു വിളിക്കുന്നത്. വ്യാഖ്യാനാതീതമായ ജീവിതസാഹചര്യങ്ങളുടെ പ്രതീകാത്മകമായ അവതരണങ്ങളെന്നനിലയിൽ ചരിത്രവും സമൂഹവിജ്ഞാനവും വ്യവച്ഛേദിച്ചു പഠിക്കുന്ന ഫോക്‌ലോർ ചിഹ്നങ്ങൾ വാമൊഴിസാഹിത്യത്തിന്റെ കവിമുറയ്ക്ക് ശക്തി പകരുന്നു. പാരമ്പര്യത്തെ തിരസ്കരിച്ചുകൊണ്ടുള്ള പുതിയ ഫോക്‌ലോർസിദ്ധാന്തങ്ങൾ മലയാളിയെ സംബന്ധിക്കുന്ന പ്രാദേശിക പഠനത്തിൽ പ്രസക്തമാകാൻ കാലം ഇനിയും ഏറെ വേണ്ടതുണ്ട്. കാരണം ജൈവനിയോഗങ്ങളെ പരിഷ്കരിച്ച് വ്യക്തിയെ സമൂഹാംഗമാക്കുന്ന സംസ്കാരപ്രക്രിയകൾ പൂർവ്വദേശങ്ങളിൽ മനുഷ്യബോധത്തിന്റെ അദൃശ്യപ്രേരണയായി എന്നും സജീവമായിരുന്നു. എത്ര നിരാകരിച്ചാലും വരമൊഴിയിൽ താനറിയാതെ കടന്നുവരുന്ന സംഘാത്മകനിനവുകൾ കണ്ടെടുക്കുന്നതിലൂടെ എഴുത്തുകാരന്റെ സ്വത്വങ്ങളെ തിരിച്ചറിയാനും അതിലൂടെ കാവ്യാദർശത്തിന്റെ സൂക്ഷ്മസത്തയെ ഉൾക്കൊള്ളാനും നമുക്കു കഴിയും. അതിനാൽ ഫോക്‌ലോർഘടകങ്ങളെ കേന്ദ്രീകരിച്ചുള്ള സാഹിത്യനിരൂപണം കാലത്തിന്റെ നിയോഗമായി തീരേണ്ടതുണ്ട്. തിലതണ്ഡുലന്യായേന സമൂഹത്തിന്റെ ഇച്ഛാശക്തിയെ പ്രതിനിധീകരിക്കുന്ന എഴുത്തുകാരന്റെ അഭിവാഞ്ഛകൾ വർത്തമാനജീവിതസാഹചര്യങ്ങളുടെ മൂർത്താവതരണങ്ങളാണ്. ആ നിലയ്ക്ക് ഇടശ്ശേരിയിൽ പ്രകടമായിരിക്കുന്ന ജീവിതാഭിരതികളുടെ കാലികാങ്കനങ്ങൾ എന്തെന്നു പരിശോധിക്കുന്നത് നിലവിലുള്ള പല ധാരണകളെയും പുനശ്ചിന്തയ്ക്കു പ്രേരിപ്പിച്ചേക്കും.

ഫോക്‌ലോറെന്നാൽ കൃഷിക്കാരുടെ ജീവിതമെന്ന നിർവ്വചനത്തിനു പഴക്കമേറുകയും അതു നിരാകരിക്കപ്പെടുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. എന്നാൽ മനുഷ്യപരിണാമചരിത്രത്തിൽ അങ്ങനെയുമൊരു കാലമുണ്ടായിരുന്നുവെന്ന കാര്യം തള്ളിക്കളയാനാകില്ലല്ലോ. അതുകൊണ്ടുതന്നെ കാർഷിക ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയ ആവാസവ്യവസ്ഥ മനുഷ്യജീവിതത്തിൽ രൂപപ്പെടുത്തിയ ചിഹ്നങ്ങൾക്ക് ഫോക്‌ലോർപാഠങ്ങളിൽ സവിശേഷപ്രാധാന്യമുണ്ട്. അത്തരം ചിഹ്നങ്ങളായിരിക്കും ഒരു ജനതയുടെ അവബോധങ്ങളെ തിരി

ച്ചറിയാൻ സഹായിക്കുന്ന ശരിയായ മാനകങ്ങൾ. പാരമ്പര്യത്തിന്റെ അനുസ്യൂതി വിച്ഛിത്തമാകാത്ത സാമൂഹികസംവിധാനം ഇന്നും നിലനിൽക്കുന്ന ഭാരതീയപശ്ചാത്തലങ്ങളിൽ പൊട്ടിമുളയ്ക്കുന്ന സാഹിത്യരൂപങ്ങളിൽ കാർഷിക ഫോക്‌ലോറുകളുടെ സ്വാധീനത എന്നും സജീവമായിരുന്നു. അതിനാൽത്തന്നെ ഇടശ്ശേരിക്കവിതയിൽ പ്രകടമായിരിക്കുന്ന കാർഷികജീവിതപ്രതീകങ്ങൾ അദ്ദേഹത്തിൽ ലീനമായിരിക്കുന്ന കർഷക ബന്ധമുള്ള ഫോക്‌ലോർ ചിഹ്നങ്ങൾ കൂടിയാണ്. അബോധാത്മകമായി അദ്ദേഹം പ്രകടിപ്പിക്കുന്ന പ്രതീകാത്മകഭാഷണങ്ങളിലെല്ലാം കർഷകബന്ധമുള്ള നിരവധി സൂചകങ്ങളുണ്ട്.

'മൺവെട്ടി തോളിൽത്തൂക്കിപ്പോകുന്ന കർഷകർ നുകപ്പാടുയരുന്ന കർമ്മസാക്ഷിയാം ദേവനെ' കാണുന്നതായുള്ള പ്രസ്താവത്തിലും[1], കർഷകന്റെ നവവധുപോലെ[2], നനയറ്റ പടർവാഴത്തൈപോലെ[3] എന്നുമുള്ള അലങ്കാരകല്പനകളിലും കാർഷികജീവിതസംസ്കൃതിയുടെ ചിഹ്നങ്ങൾ ഭൗതികസാന്നിദ്ധ്യമായിത്തന്നെയുണ്ട്. "അധികാരം കൊയ്യണം ആദ്യം നാം അതിനു മേലാകട്ടെ പൊന്നാര്യൻ"[4] എന്ന ആഹ്വാനം വിചാരണക്കെടുക്കുമ്പോൾ 'കൊയ്യുക', 'പൊന്നാര്യൻ' എന്നീ കാർഷിക പ്രാധാന്യമുള്ള രണ്ടു പദപ്രയോഗങ്ങൾ കാണാം. ഒപ്പം അധികാരത്തിന്റെ നഗരഫോക്‌ലോറുകളെ ഗ്രാമസംസ്കാരം പിടിച്ചടക്കണമെന്ന ധ്വനികൂടിയുണ്ട്. ഇതിന്റെ പൂരകമായാണ് അദ്ധ്വാനത്തിന്റെ നയപ്രഖ്യാപനമായ പൊട്ടി പുറത്ത് ശിവോതി അകത്ത് എന്ന കവിത പ്രവർത്തിക്കുന്നത്. പരിഷ്കാരം നേടി അലസത ജീവിതാചാരമാക്കിയ നഗരഫോക്‌ലോറുകളുടെ നിഷ്കർമ്മങ്ങൾക്കെതിരെയുള്ള സാമമന്ത്രമാണു പൊട്ടി പുറത്ത് ശീവോതി അകത്ത്.

"മേടം തീക്കനൽ കോരി വിതച്ചു
പാടം പച്ചത്തഴപ്പും പുതച്ചൂ
വേലപ്പെൺകൊടി പാടുന്നൂണ്ടയൽ
മേടത്തട്ടിലുലാവുമ്പോൾ
അറിയാമിന്നെങ്ങൾക്കു
പുതുമണ്ണിൽക്കരികീറി
ച്ചൊരിയും സുഗന്ധത്തിൻ ഗൂഢാർത്ഥം"[5]– ഈ വരികളിലൂടെ ആവിഷ്കരിക്കുന്ന കാർഷിക ജീവിതത്തിന്റെ രൂപരേഖയിൽ മണ്ണും മാനവും മനുഷ്യനും ഒരുമിക്കുന്ന പ്രകൃതിയുടെ സഹജാവബോധമുണ്ട്. കാവ്യാംഗം അലങ്കരിക്കാൻ നിയോഗിക്കപ്പെടുന്ന ആഭരണങ്ങളിൽപ്പോലും കർഷകമോഹങ്ങളുടെ നിധികൾ കാണാം.

"തന്നിൽ നടേ മുളപൊട്ടിയ കൗതുക
മൊന്നൊന്നായില വിരിയുന്നു"[6]
"മുറ്റത്തു ചെന്നെല്ലടിച്ചുകൂട്ടീടുന്ന
മുഗ്ദ്ധയാമന്തിയെ മോന്തുന്ന കണ്ണുമായ്"[7],
"ചാഞ്ഞുകിടക്കുന്നു ചക്രവാളത്തിൽ
മേഞ്ഞു മയങ്ങിയ കാർനിരകൾ"[8] എന്നിങ്ങനെ ഉർവ്വരപ്രാമുഖ്യമുള്ള ഈ പദസംവിധാനങ്ങളിലൂടെ പ്രയുക്തമായ സാംസ്കാരികമൂല്യങ്ങളുടെ നൈരന്തര്യം ഒരുപക്ഷേ ഇടശ്ശേരി മാത്രം കാംക്ഷിച്ച ജീവിതക്രമമാകണം. സർപ്പക്കാവുകൾ വെട്ടിയൊഴിച്ച് അവിടെ തെങ്ങിൻതോപ്പ് പിടിപ്പിച്ച വൈലോപ്പിള്ളിയുടെ പാരമ്പര്യതിരസ്കരണം എത്ര ക്രൂരവും നിന്ദ്യവുമായിരുന്നുവെന്നു പുതിയ കാലം തെളിയിച്ചുകഴിഞ്ഞു. അധികാരത്തിലെത്താൻ ഒരിക്കൽ തങ്ങൾത്തന്നെ തകർത്തുകളഞ്ഞ പാരമ്പര്യരേഖകളെ അധികാരത്തിന്റെ നാൾവഴിക്കണക്കിൽ വീണ്ടും ഉപയോഗപ്പെടുത്താനുള്ള പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്ന വിപ്ലവസാഹിത്യപ്രസ്ഥാനങ്ങൾ അന്നും ഇന്നും ഇടശ്ശേരിയെ ഓരത്തുനിറുത്തി മാത്രം ചിന്തിച്ചിട്ടേയുള്ളൂ. കാരണം നീചമായ നിർബന്ധങ്ങളോടെ പരിവർത്തനമാഗ്രഹിക്കാത്തതിനാൽ പാരമ്പര്യത്തെ ഇടശ്ശേരി ഒരിക്കലും തള്ളിപ്പറഞ്ഞില്ല.

മാറുന്ന ജീവിതക്രമത്തിൽ അതിജീവനം തേടുന്ന ഫോക്‌ലോറുകളാണ്

ഇടശ്ശേരി - പൈതൃക ത്തിന്റെ വരമൊഴിക്കൂട്ടുകൾ
ഡോ. എൻ. അജിത്കുമാർ
(സാഹിത്യലോകം ജനുവരി, ഫെബ്രുവരി 2004)


ഇടശ്ശേരിയുടേത്. പരിണാമവിധേയമായ ജീവിതസാഹചര്യങ്ങളിൽ പാരമ്പര്യങ്ങൾക്കുള്ള പ്രസക്തിയെന്തെന്ന അന്വേഷണം ഈ കവിതകളിൽ കണ്ടെത്താം. മാറ്റം അനിവാര്യമാണെന്നു ഇടശ്ശേരിക്കറിയാം. അതിനെ തടഞ്ഞുനിറുത്തുക സാഹസവും പരിഹാസ്യമായിരിക്കുമെന്നും അദ്ദേഹം തിരിച്ചറിയുന്നുണ്ട്. അതിനാൽ പുതുമയെ പഴമയുടെ താത്ത്വികവിതാനങ്ങളിലേക്ക് എടുത്തുവെയ്ക്കാനുള്ള അഭിവാഞ്ഛ ഇടശ്ശേരി പ്രകടിപ്പിക്കുന്നു. അങ്ങനെയാണ്

"പിൻതള്ളപ്പെടുകില്ലെന്റെ
നാടു; സംക്രാന്തി നാൾകളിൽ
അതിന്നു കഴിവുണ്ടല്ലോ
ശീവോതിയെ വരിക്കുവാൻ"[9]

എന്നു കരൾക്കരുത്തോടെ പ്രതിസന്ധികളെ അതിജീവിക്കുന്ന പാരമ്പര്യമാണ് നമ്മുടേതെന്നു ഇടശ്ശേരി ഓർമ്മിപ്പിക്കുന്നത്. വടക്കൻപാട്ടുകളും കൃഷിയും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢതയറിയണമെങ്കിൽ

"ആരോമൽച്ചേകവരങ്കം പിടിച്ചിട്ടു-
മരമുഴം വാങ്ങീല പുൽച്ചേരി"[10] എന്ന വരികളിലേക്കു കടക്കാം. 'ചന്തുവും ഒതേനനും' ഇതേ സമീപനത്തിൽത്തന്നെ വേരിടുന്നു. പ്രമേയവും അതു പുലരുന്ന പരിസരവും തമ്മിലുള്ള പാരസ്പര്യത്തിന്റെ രേഖീയമാനമാണ് ഇടശ്ശേരിക്കവിത. പരിസരങ്ങളോട് പ്രതിജ്ഞാബദ്ധമായി ഇടപെടുന്നതിലൂടെ ഇടശ്ശേരിയിൽ വന്നുചേരുന്ന ഈ രാസപരിണാമം ഫോക്‌ലോറിൽനിന്നു നേടിയ ഊർജ്ജം തന്നെ.

"കാലും മുഖവും കഴുകി ഭസ്മക്കുറി
ഫാലഫലകത്തിൽച്ചാർത്തി"[11] അന്തിത്തിരികൊളുത്തുന്ന പെൺമക്കളുടെ നാട്ടിൽ അലറിപൂക്കുന്ന മീനക്കാലത്ത് മൺകുടത്തിൽ മദകരമാം മധുവും പൊൻകുടത്തിൽ പൊട്ടിവിരിയുന്ന പൂക്കുലകളും നിറപറയും നിലവിളക്കും ചെണ്ടമേളവും വെടിക്കെട്ടും താലപ്പൊലിയുമായി കുരുതിയൊരുക്കി പീഠത്തിൽ പട്ടുവിരിച്ചു പരദേവതയെ കാവുകളിൽ കാത്തിരിക്കുന്ന ഭക്തിയുടെ ഉന്മത്തചിത്തം ജീവിത നിയോഗമായേ തീരു. കേരളീയജീവിതത്തിന്റെ ഈ പ്രഭയും താളവുമൊഴിഞ്ഞാൽ ഇടശ്ശേരിയുടെ വാക്കുകൾ സായൂജ്യമടയുന്നു. കരുത്തിന്റെ കൈവല്യമെന്നു വിശേഷിപ്പിക്കാവുന്ന ഈ കാവ്യധ്യാനത്തിൽ തായ്‌വഴിയുടെ നിരപ്പും നുരപ്പും ഏറെയുണ്ട്.

ഹനുമാനു കേൾക്കാനായി സന്ധ്യയ്ക്കു രാമനാമം ജപിക്കുന്ന മലയാളിയുടെ വിശ്വാസം തുഞ്ചൻപറമ്പിന്റെ മുറ്റത്തിരുന്ന് രാമകഥ ഹനുമാൻ കേട്ടുകാണുമെന്ന ഇടശ്ശേരിയുടെ കല്പനയിലുണ്ട്.[12] പൂതപ്പാട്ട് പൊന്നാനിയിലും പരിസരങ്ങളിലുമുള്ള പറയൻപൂതത്തിന്റെ കേട്ടറിയുന്ന നാട്ടുകഥകളുടെ നീണ്ട വിവരണം പൂതപ്പാട്ടിന്റെ തുടക്കത്തിൽത്തന്നെ ഇടശ്ശേരി നിർവ്വഹിച്ചിട്ടുള്ളതു കാണാം. ആമയും മുയലും, തന്റെ മകളെ താൻ തീനി തുടങ്ങിയ കാവ്യശീർഷകങ്ങൾക്ക് മുത്തശ്ശിക്കഥകളുമായി ഏറെ ബന്ധമുണ്ട്. തീർന്നില്ല പൂത്താങ്കീരി, കോത്താറ് തുടങ്ങിയ കളികൾ[13], പൂവേപൊലിയെന്ന അത്തപ്പൂവിളി[14], ലക്ഷ്മിയാണരിയും നെല്ലുമെന്ന വിശ്വാസം[15], ചപ്പിളിക്കെട്ടി[16], കൈതോലച്ചെറുവട്ടി[17] എന്നിങ്ങനെയുള്ള നാടൻവസ്തുക്കളുടെ പരാമർശങ്ങൾ, ഇറയം ഈറ്റില്ലം തെക്കിനി തുടങ്ങിയ വാസ്തുസൂചകങ്ങൾ, കർക്കടകപ്പേമഴപോലുള്ള കാലാവസ്ഥ

'........നിന്നെത്തരു-
പാളിയിൽ നൃത്തംവെയ്ക്കാനിവിടെ പഠിപ്പിക്കാം'[18],
'വാഴക്കുലവെച്ചു മുമ്പിൽത്തൊഴുതങ്ങു
വാപൊത്തിനിന്നു പിണച്ചകാലോടെ ഞാൻ'[19] എന്നിങ്ങനെ കേരളീയനുമാത്രം മനസ്സിലാകുന്ന നിരവധി നാട്ടുവഴക്കങ്ങൾ ഇടശ്ശേരിക്കവിതയിൽ കടന്നുവരാൻ കാരണം അടർത്തിക്കളയാനാകാതെ അദ്ദേഹത്തിന്റെ നിലനിൽക്കുന്ന പ്രാദേശികബോധമാണ്. കാല്പനികതയുടെ ബോധവിതാനങ്ങളാണ് ഇതെന്നു കണക്കാക്കുന്നവരുണ്ടാകാമെങ്കിലും നിമിഷങ്ങൾതോറും വ്യതി

ചലിക്കുന്ന മാനവികാവസ്ഥ ഇടശ്ശേരിയിൽ കാണാനാകില്ലെന്ന മറുമൊഴിയിലൂടെ ഇതു നിരാകരിക്കാനുമാകും.

ഫോക്‌ലോറെന്ന പദത്തിനു ഒരു മലയാളവാക്കു തിരക്കി നടക്കുന്ന പണ്ഡിതന്മാർക്കൊന്നും ഇന്നോളം അതിൽ വിജയിക്കാനായിട്ടില്ല. പാശ്ചാത്യ സിദ്ധാന്തങ്ങളുടെ അർത്ഥതലങ്ങൾക്കിണങ്ങണമെന്ന ദുശ്ശാഠ്യമാണ് ഇതിനു പ്രധാന കാരണം. പാരമ്പര്യാധിഷ്ഠിതവും അനുഷ്ഠാനങ്ങളിലെ പ്രധാനവുമായ കേരളീയജീവിതവഴക്കങ്ങളിലെ പ്രതീകങ്ങളുടെയും അർത്ഥങ്ങളുടെയും പൊലിവുകൾ അവരെല്ലാം തള്ളിക്കളയുന്നു. കേരളീയതയെന്തെന്നു നിർണ്ണയിക്കുന്ന അനുഷ്ഠാനങ്ങളുടെ നിരവധി പരാമർശങ്ങൾ ഇടശ്ശേരിക്കവിതയിലുണ്ട്. കേരളീയന്റെ ഭരദേവതാരാധനയുമായി ബന്ധപ്പെട്ട പുരാവൃത്തപ്രധാനമായ കാവിലെപ്പാട്ടിൽ പ്രധാന അനുഷ്ഠാനമായ കുരുതിയെക്കുറിച്ച് ആദ്യമേ സൂചിപ്പിക്കുന്നു. നിണംകൂട്ടിയുള്ള ഈ ആരാധാനയുടെ പ്രതീകാത്മകക്രമവുമായി ഏറെ ബന്ധമുള്ളതാണ് ഇതിലെ ഇതിവൃത്തവും. വിവാഹത്തിനായി ഏഴുകൊല്ലം നോമ്പെടുക്കുകയും പുത്രലാഭാർത്ഥം വീണ്ടും ഏഴുകൊല്ലം നോമ്പെടുക്കുകയും ചെയ്യുന്ന വനിതകളുടെ വ്രതനിഷ്ഠ ഈഷദ്ഭേദത്തോടെ ഇന്നും കേരളത്തിൽ അങ്ങോളമിങ്ങോളം നിലനില്ക്കുന്നുണ്ട്. ദേവിയുടെ ആഗ്രഹപ്രകാരം ആത്മകുരുതി അനുഷ്ഠിക്കുന്ന അവനെയോർത്ത് പീഠവും പട്ടും വിരിക്കുന്നതായ പരാമർശം തെക്കൻതിരുവിതാംകൂറിലെ ഉലകുടയതമ്പുരാന്റെ പുരാവൃത്തത്തെ അനുസ്മരിപ്പിക്കുന്നു. അർക്കന്റെയായിരം കോൽത്തരികൾ[20] എന്നിങ്ങനെ പ്രകൃതിയുടെ വിഭിന്നസന്ദർഭങ്ങളിലേക്ക് എടുത്തുവയ്ക്കപ്പെട്ട അനുഷ്ഠാനപരാമാർശങ്ങളും നമുക്കു കണ്ടെടുക്കാവുന്നതാണ്.

“കാണാതായീ കളം മായ്ക്കെ
നീയിട്ട വലയങ്ങളെ
പ്രപഞ്ചമേ പുള്ളുവന്റെ
പാട്ടാൽ ഞെട്ടിത്തെറിക്കയോ?
കാവ്യകാലകലോത്ഭാസി
കളംമായ്ക്കുകയാണിതാ
കൈയിലെപ്പൂങ്കുലയ്ക്കൊപ്പം
തുള്ളും തരുണചേതന”[21] എന്നിങ്ങനേ നിരപ്പേ പ്രകടമാകുന്ന അനുഷ്ഠാനപരാമർശങ്ങൾ ഇടശ്ശേരിക്കവിതയുടെ പ്രകടമായ പുതുമയാണ്. ആതിരക്കിട്ടതാമൂഞ്ഞാലാടിത്തുലഞ്ഞു[22], “പുത്തരിക്കുള്ളോരരിവെയ്ക്കാൻ വാങ്ങിയ പുത്തൻകലവുമായാലോലം”[23] എന്നിങ്ങനെ അനുഷ്ഠാനത്തിന്റെ രംഗാവതരണങ്ങളാകാവുന്നവയുടെ വിവരണങ്ങളും ഇടശ്ശേരിക്കവിതയിൽ വേണ്ടുവോളമുണ്ട്.

ഫോക്‌ലോറിന് പല നിർവ്വചനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും പൂർണ്ണമെന്നു പറയാനാവില്ല. ജീവിതത്തെപ്പോലെ അയുക്തികമായ ഒരു സിദ്ധാന്തമാണു ഫോക്‌ലോറെങ്കിലും അതിനു പ്രധാനമായൊരു സവിശേഷതയുണ്ട്. സംഘാത്മകവിനിമയത്തിൽ ഫോക്‌ലോർ ഒരു സംഘത്തിന്റെ സൗന്ദര്യസങ്കല്പത്തിനും അർത്ഥബോധത്തിനും വിധേയവും മറ്റൊരു സംഘത്തിനു മനസ്സിലാക്കാൻ പ്രയാസമുള്ളതുമായിരിക്കും. ഇടശ്ശേരിയുടെ കവിതകൾ വായിക്കുമ്പോൾ ഇതു വളരെ പ്രകടമാണ്. വാക്കിലും പ്രയോഗത്തിലും പ്രമേയത്തിലുമെല്ലാം ഫോക്‌ലോറിന്റെ ഈ സവിശേഷത പ്രത്യക്ഷമാകുന്നുണ്ട്. ‘തീണ്ടൽ പറ്റിയപോലെ’ എന്നു നെല്ലുകുത്തുകാരി പാറുവിന്റെ കഥയിലും[24], ‘കൊട്ടും പുലയാട്ടുമായ്’ എന്ന നിദാനത്തിലും[25] ‘കളമൊരുക്കുക’ എന്നു മരിക്കാത്ത പ്രതീക്ഷയിലും[26] മാമുകൊടുക്കുക എന്നു പൂതപ്പാട്ടിലും[27] പറയുമ്പോൾ അതു കേരളീയനുമാത്രം മനസ്സിലാവുന്ന ഫോക്‌ലോറുകളാണ്. അതുപോലെത്തന്നെ

“ചുറ്റിലും നോക്കിയസ്സഹ്യനമ്മാനൊന്നു
സുപ്രഭാതത്താൽ മുറുക്കിത്തുപ്പി
തിട്ടമോണച്ചന്തയ്ക്കാണൊരലക്കിയ
വേഷ്ടി നിവർത്തിച്ചുമലിലിട്ടാൻ”[28]

ഇടശ്ശേരി – പൈതൃകത്തിന്റെ വരമൊഴിക്കൂട്ടുകൾ
ഡോ. എൻ. അജിത്കുമാർ
(സാഹിത്യലോകം ജനുവരി, ഫെബ്രുവരി 2004)



"കാറ്റുകൾ പേരാലിലെഗ്ഗാനഗന്ധർവ്വർ നിഴ-

ലാട്ടത്താൽക്കുടുമയെച്ചരിച്ചും ചായ്ച്ചും കെട്ടി"[29] എന്നീ ഉടുത്തൊരുങ്ങലുകളും കേരളീയർക്കു മൊത്തമായും മാത്രമായും ഉൾക്കൊള്ളാൻ കഴിയുന്ന ഫോക്‌ലോർ സമ്പ്രദായങ്ങളാണ്. മിഥുനമാസാവസാനം ഏറനാട്ടിലും വള്ളുവനാട്ടിലും ആചരിച്ചുവരുന്ന 'പൊട്ടി പുറത്ത് ശീവോതി അകത്ത്' കേരളത്തിൽപ്പോലും ഇതരപ്രദേശങ്ങളിൽ വ്യത്യസ്തമാണ്. ഉത്തരകേരളത്തിൽ കലിയനെയകറ്റലായും ദക്ഷിണകേരളത്തിൽ കർക്കടകമാസമവസാനം ആടികളയലായും ഈ ചടങ്ങ് ആചരിച്ചുവരുന്നു.

കുറ്റിച്ചൂലും കലപ്പൊട്ടും
ചൂട്ടുകെട്ടിയിറങ്ങവേ
വെള്ളയും ഗ്രന്ഥവും വെച്ചു
ഭദ്രദീപം കൊളുത്തി"[30]

പൊന്നാനിക്കാർമാത്രം നടത്തുന്ന വിളിച്ചപേക്ഷയാണു 'പൊട്ടിപുറത്ത് ശീവോതി അകത്ത്'. അത്തവ്വ്31 ചിങ്ങ്യാറും ചീതലും32, കാട്ടുമാടത്തം33 ഏറെച്ചിത്രം ഓട്ടപ്പെടും34 പൊട്ടിച്ചൂട്ട്35, ചെണ്ടമേളം താക്കി 36 എന്നിങ്ങനെ പ്രാദേശികപ്രത്യയനങ്ങളുടെ നിരവധി സാന്നിധ്യങ്ങൾ ഇടശ്ശേരി രൂപപ്പെടുത്തിയ കാവ്യഭാഷയുടെ ശക്തിയായിത്തീരുന്നത് ഫോക്‌ലോറിന്റെ സൂക്ഷ്മമാനകങ്ങൾക്കു വിധേയമായിത്തീരുന്നു.

ˆനാടൻവൃത്തങ്ങളുടെ മട്ടും മാതിരിയും ഇടശ്ശേരിക്കവിതയുടെ ശക്തിയാണ്. ആവിഷ്കാരത്തിൽ ഇത് പ്രകടമാവുന്ന നിരവധി സന്ദർഭങ്ങളുണ്ട്. 'മറുനാട്ടിലേയ്ക്കു ഒരു കവിത' ഊഞ്ഞാൽപ്പാട്ടിന്റെ വൃത്തഘടനയിൽ രചിച്ചിരിക്കുന്നു. പ്രേമകവിതയായ 'രംഗഗീതി'യ്ക്ക് താരാട്ടിന്റെ ഈണത്തിലൂടെ വാത്സല്യത്തിന്റെ ഭാവസാകല്യം നൽകി പ്രേമത്തെ ഒരു ലയമാക്കിത്തീർക്കാൻ ഇടശ്ശേരി ശ്രമിക്കുന്നുണ്ട്. അനുഷ്ഠാനഗാനത്തിന്റെ രചനാസംവിധാനം

"വാഴ്ക നീണാളൂക്കുകൂടും ഹിമവച്ചൈലം,
വാഴ്ക ലോകം പാടിവെല്ലും ഭാരതം നീണാൾ,
വാഴ്ക നീണാൾ വളർത്തുന്നോർ വീരതേജഃപുരം

വാഴ്ക തമ്മിൽ സ്നേഹമോടൊത്തേവരും നീണാൾ"[37] എന്നു പകർത്തി കാലങ്ങളിലേയ്ക്ക് സംക്രമിക്കുന്ന പാരമ്പര്യത്തിന്റെ ഉപദേശങ്ങളിലൂടെ ഇടശ്ശേരി കാവ്യതർപ്പണം നടത്തുകയായിരുന്നു.

കനത്തവിണ്ടലമരുളുന്നൂ ത-
ന്നോമനയ്ക്കൊരു പൂണാരം
ചിങ്ങമാസം രുചിരം
വന്നു പുഷ്പപ്രചുരം
ന, ന്നങ്കലങ്കൃതമേറ്റം മഹിതേ,
മഹി, തേ സർവ്വാംഗം
പവിഴമല്ലികൾ, ചെമ്പരത്തികൾ,
പട്ടുപൂവുകൾ, പനിനീർമലരുകൾ,
നിരവധി സുന്ദരസുമങ്ങൾ – ഇവയുടെ

നാനാവർണ്ണങ്ങൾ[38] – ഈ വരികളിൽ, പാടിനീട്ടി ലഘുക്കളെ ഗുരുക്കളാക്കിയും നീട്ടൽ കുറുക്കലാക്കിയുമുള്ള വാമൊഴി സാഹിത്യത്തിലെ ആലാപനരീതിയുടെ തനതുമര്യാദപ്രകടമായുണ്ട്. പൂതപ്പാട്ട് പൂർണ്ണമായും വാമൊഴിപ്പാട്ടിൽ ഊന്നിയുള്ള ആവിഷ്കാരമാണ്. അതുപോലെ 'കൂടണഞ്ഞീടും കൊച്ചു കുരുവിക്കൂട്ടംപോലെ'[39], കൈതകൾക്കു കുരുന്നോലവിരിഞ്ഞപോലെ'[40], 'കുമ്പളപ്പൂപോൽ മൃദുശീതളമാകും തൻകൈ'[41] എന്നീ ഉപമകൾക്ക് 'പോത്തും കലയും കിടക്കുവണ്ണം, കുന്നത്തുകൊന്നയും പൂത്തപോലെ' എന്നിങ്ങനെയുള്ള വടക്കൻപാട്ട് ഉപമകളുമായുള്ള സാദൃശ്യം താരതമ്യാർഹമാണ്. ജീവിതപരിസരങ്ങളിൽ നിന്നു കണ്ടെടുക്കുന്ന ഇത്തരം കാവ്യാലങ്കാരങ്ങൾ നാടൻസംസ്കൃതിയുടെ ഉപപാഠങ്ങളായിമാത്രമേ അംഗീകരിക്കാനാകയുള്ളൂ. കാവ്യസന്ദർഭങ്ങളിൽ ഇടശ്ശേരി കാട്ടുന്ന സംസ്കൃതപദപ്രണയത്തിനുമുണ്ട് ഫോക്പശ്ചാ

ഇടശ്ശേരി – പൈതൃക ത്തിന്റെ വരമൊഴിക്കൂട്ടുകൾ
ഡോ. എൻ. അജിത്കുമാർ
(സാഹിത്യലോകം ജനുവരി, ഫെബ്രുവരി 2004)


ത്തലം. മേളകലയും തായമ്പകയും ഇഷ്ടപ്പെടുന്ന ജനജീവിതത്തിന്റെ അനുബന്ധമാണത്.

വ്യക്തിഗതമായ ഏതുകാര്യവും ഗ്രാമത്തിന്റെ പൊതുക്കാര്യമായിരിക്കുക കൂട്ടുവാഴ്ചയുടെ സവിശേഷതയാണ്. വിവാഹമായാലും മരണമായാലും ഒറ്റപ്പെട്ട നിലയല്ല വ്യക്തിക്ക് ഗ്രാമത്തിലുള്ളത്. വ്യക്തി സമൂഹത്തിന്റെ അവിഭാജ്യഭാഗമാണ്. ഗ്രാമത്തിന്റെ ഈ സൗഭാഗ്യം അകലുന്ന കാഴ്ച 'അങ്ങേ വീട്ടിലേക്ക്' എന്ന കവിതയിലൂടെ ഇടശ്ശേരി ആലേഖനം ചെയ്യുന്നു. മക്കൾക്കു വേണ്ടിയുള്ള തപസ്യയും അനുഷ്ഠാനവുമായി ജീവിതത്തെ ചിതപ്പെടുത്തിയ ഗ്രാമത്തിന്റെ വീക്ഷണത്തിൽ വിള്ളൽ വീഴ്ത്തിക്കൊണ്ട് നഗരം സൃഷ്ടിക്കുന്ന ആതുരവും ഇരുണ്ടതുമായ പ്രതിസന്ധികൾ രോഗാതുരമായ പുതിയ മാനവികതയുടെ സൃഷ്ടിയായിരിക്കുമെന്ന ഇടശ്ശേരിയുടെ മുന്നറിയിപ്പ് കാലം സത്യമാക്കി. ഇവിടെ നഗരം ഗ്രാമത്തിനു കല്പിച്ച വിലക്കിന് അടിസ്ഥാനം കേവലം സാമ്പത്തികം മാത്രമല്ല, മറിച്ച് പരിഷ്കാരം കൂടിയാണ്. വൃദ്ധന്റെ ഭാര്യയെ പ്രകോപിപ്പിക്കുന്നതും ഗ്രാമജീവിതത്തിന്റെ മാനവികബോധം തെറുത്തെടുത്ത നിഷ്കളങ്കസ്നേഹം തന്നെ. വൃദ്ധനോട് യാത്രോദ്ദേശ്യം തിരക്കുന്ന നാട്ടുകാരോട് പരുഷമായി പ്രതികരിക്കുന്ന വൃദ്ധൻ നഗരമേല്പിച്ച മുറിവുകളോടെ വിങ്ങലിലാണ്. ബന്ധങ്ങളുടെ ആതുരതയിൽ മോചിതമാകാത്തതാണ് വൃദ്ധനു ജാമാതൃഭവനത്തിൽ നിരാകരണമുണ്ടാകാൻ കാരണം. അടഞ്ഞ മനസ്സുകളുടെ പ്രകടനപരതയും തെറ്റിദ്ധാരണയും കൊണ്ട് മനുഷ്യത്വത്തിന്റെ നിരാകരണമായിത്തീരുന്നു നഗരം. ആ ജീവിത സങ്കല്പങ്ങൾക്കിടയിൽ സന്ദിഗ്ദ്ധമനസ്കയായ മകൾ നഗര-ഗ്രാമജീവിതങ്ങളുടെ സാംസ്കാരികമാറ്റത്തിലെ ഇടക്കണ്ണിയായിത്തീരുന്നു. അവസാന ഒത്തുതീർപ്പിന് ഗ്രാമം മാത്രമേ തയ്യാറാകുന്നുള്ളു. നിരാകരണത്തിൽ നനഞ്ഞ ചിരിയോടെ വൃദ്ധൻ പടിയിറങ്ങുമ്പോൾ തികട്ടിവരുന്ന പാഠങ്ങളിൽ സംഘജീവിതത്തിന്റെ നേരറിവുകൾ ഏറെയുണ്ട്. ഏതോ പ്രത്യാശയുടെ കിരണങ്ങൾ തേടിയുള്ള ആ വടിയൂന്നൽ തിരസ്കരണത്തിന്റെ അപമാനമേല്ക്കുമ്പോഴും സ്വന്തം വിധിയിൽ ആശ്വാസം കൊള്ളുന്നു. അങ്ങനെ പ്രശ്നപരിഹാരത്തിന്റെ അനുഷ്ഠാനവ്യഥയോടെ കാലത്തിലേയ്ക്കു മനുഷ്യതലം സംക്രമിപ്പിക്കുന്ന നാട്ടുതനിമയുടെ ദാർശനികസ്വരത്തിൽ കവിത അവസാനിക്കുന്നു.

'പെങ്ങൾ' ക്ഷമയുടെയും തിരസ്കരണത്തിന്റെയും മൂർത്തഭാവമായി നിൽക്കുന്നു. നന്ദികേടിന്റെ ഈ ദുരന്തത്തിലാണ് കേരളീയരുടെ പല മിത്തുകളും ജനിക്കുന്നത്. സാത്വികാനുഷ്ഠാനം ശീലമാക്കി ധർമ്മാചരണം നിഷ്ഠയാക്കിയ സ്ത്രീകൾ ദുരന്തത്തെത്തുടർന്ന് ദേവപദവിയിലേയ്ക്കുയരുന്ന കഥകളാണു മാതൃദേവാരാധനയിലെല്ലാം പ്രകടം. കണ്ണകിയും മുച്ചിലോട്ടു ഭഗവതിയും കള്ളിയങ്കാട്ടു നീലിയുമെല്ലാം ആരാധ്യരായിത്തീർന്ന പശ്ചാത്തലമാണിത്. ഇത്തരം പുരാവൃത്തങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വ്യാവഹാരികലോകത്തിലെ ഒരു പുരാവൃത്തമായി 'പെങ്ങൾ' തീരുന്നു. ഇതേ ശ്രേണിയിൽ ഉൾപ്പെടുത്താവുന്ന മറ്റൊരു കഥയാണ് 'വിവാഹസമ്മാനം'. സാമൂഹികനിരാകരണത്തിന്റെ ഈ ഫെമിനിസ്റ്റു പശ്ചാത്തലങ്ങൾക്കെല്ലാം മാതൃദായത്തിന്റെ സാമൂഹികക്രമവും മാതൃദേവാരാധനയുടെ പുരാവൃത്ത പശ്ചാത്തലവും ഒരു പോലെ കാരണമായിട്ടുണ്ട്. നമ്മുടെ എല്ലാ മാതൃദേവതാരാധനയ്ക്കും പിന്നിൽ ദുരന്തങ്ങളുടേതായ ഈ സജീവസാന്നിദ്ധ്യമുണ്ടെന്നതോർക്കുക. അത്തരം ലോകവീക്ഷണത്തിന്റെ പരിച്ഛേദമാണ് പെങ്ങളും വിവാഹസമ്മാനവും. ഇവിടെ അടിസ്ഥാനമായ മറ്റൊരു വ്യത്യയംകൂടി കാണേണ്ടതുണ്ട്. പെങ്ങൾ ഒരിക്കലും നിഷ്ഠൂരയായിത്തീരുന്നില്ല. പുരുഷനിരാകരണത്തിൽ ദുഃഖിക്കാതെ ക്ഷമയോടെ തന്നിലേയ്ക്കു ചുരുങ്ങുന്ന ഈ സ്ത്രീത്വം ഭദ്രകാളിയെ ശാന്തയാക്കി ഭഗവതിയാക്കിത്തീർത്ത ഉത്തരകേരളീയക്കാവുരകളിലെ മൂല്യസങ്കല്പങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ ശാന്തയാക്കപ്പെട്ട സ്ത്രീകഥാപാത്രങ്ങളുടെ അവതരണത്തിലൂടെ പ്രാദേശിക ഫോക്‌ലോർഘടകങ്ങളുടെ പ്രേരണ ഇടശ്ശേരി സജീവമായി കാത്തിരിക്കുന്നു.

ഇടശ്ശേരി - പൈതൃക ത്തിന്റെ വരമൊഴിക്കൂട്ടുകൾ
ഡോ. എൻ. അജിത്കുമാർ
(സാഹിത്യലോകം ജനുവരി, ഫെബ്രുവരി 2004)



ഇടശ്ശേരിയുടെ കവിതകളിലെല്ലാം പെങ്ങൾക്ക് അനുജനോടുള്ള സ്നേഹവായ്പിന്റെ സൂചകങ്ങളുണ്ട്. പെങ്ങൾ, വിവാഹസമ്മാനം, കൊച്ച നുജൻ, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, അമ്മിണിയും അനുജനും എന്നീ കവിതകൾ ഈ സ്നേഹസ്മൃതിയുടെ മൂർത്താവതരണങ്ങളാണ്.

"പേടിക്കാനെന്തവനില്ലേ

പേടിക്കാത്തോരേട്ടത്തി"[42] എന്ന കവിതാസന്ദർഭം തന്നെ പ്രത്യക്ഷോ ദാഹരണം. പള്ളിക്കൂടത്തിലേക്കുള്ള പ്രഥമയാത്രയ്ക്കായി അനുജനെ അണി യിച്ചൊരുക്കിയെത്തിക്കുന്ന ചേച്ചിയുടെ കർത്തവ്യബോധം ഓരോ മലയാ ളിക്കും അവിസ്മരണീയമായ അനുഭൂതിയായിത്തീരുന്നുണ്ട്. വികാരാർദ്രമായ ഈ നിമിഷങ്ങളെ സങ്കല്പിക്കാനും അതിന്റെ നേരും നെറിയും ഉൾക്കൊ ള്ളാനും കഴിയണമെങ്കിൽ മലയാളിയുടെ മാതൃദായകുടുംബസംവിധാന ത്തിന്റെ കുലീനത അറിയണം. നാലുകെട്ടും തറവാടും കേരളീയന് ഒരിക്കലും ഒരു ഭൗതികവസ്തു മാത്രമായിരുന്നില്ല. മലയാളിക്ക് തറവാട് ആത്മീയപ്രഭാ വമുള്ള അനുഭൂതിയായിരുന്നു. അതിന്റെ മൂച്ചും മുറയുമറിയാനുള്ള വാതായ നങ്ങൾ ഇടശ്ശേരിക്കവിതയിൽ വേണ്ടുവോളമുണ്ട്. ദേഹത്തെ വിസ്മരിച്ച് ആത്മ ബലികൊണ്ട് പരദേവതയ്ക്കു കുരുതിയനുഷ്ഠിച്ച മകനെപ്പറ്റി മാതാവിന്റെ അന്വേഷണം ശ്രദ്ധിക്കുക:

"അംബികേ, നേർചൊല്ലുകെന്നോടായിളം പ്രകോഷ്ഠം

കമ്പിതമായില്ലയല്ലീ തൻ കൊലയ്ക്കായ്ത്താഴ്കെ?

തൻകുലം താഴ്ത്തീലയല്ലീയെന്നുയിരൊടുവി-

ലെങ്കലുമാഴ്ത്തീലയല്ലീ ദുഷ്കളങ്കശല്യം"[43]. വടക്കൻ പാട്ടിലെ ഒരു വീര മാതാവ് സ്വമകനെ അങ്കത്തിനു യാത്രയാക്കുമ്പോൾ

"ഒളിവാളുകൊണ്ടു മരിച്ചിതെങ്കിൽ

പച്ചോലേൽകെട്ടി വലിയ്ക്കേയുള്ളു

പുലകുടി ഞങ്ങൾ കുളിയ്ക്കയില്ല" എന്നു കല്പിക്കുന്നതുമായി ചേർത്തു വായിക്കുമ്പോഴാണ് ഇടശ്ശേരിയുടെ വരികളിൽ പ്രകടമാകുന്ന പാര മ്പര്യത്തിന്റെ വീര്യം നാം തിരിച്ചറിയുന്നത്. തായ്‌വഴി മുറയുടെ പ്രത്യക്ഷവ ക്താവായി ഇടശ്ശേരി തീരുന്ന ഒരു സന്ദർഭം കൂടി ഉദ്ധരിക്കാം.

"ജന്മദനാദിത്യനെങ്കിലുമമ്പിളി

യമ്മാമനെത്താൻ നമുക്കു പഥ്യം

ദായക്രമത്തിൽ വിഭിന്നമാം പ്രേരണ-

യ്ക്കീയപവാദത്തിലില്ല ബന്ധം"[44]. അമ്മവഴിയുടെ വാത്സല്യം ഉറവവ റ്റാതെ കാക്കുന്ന ഇടശ്ശേരിയുടെ മനവും മൊഴിയും ഫോക്‌വിശ്വാസങ്ങളുടെ പ്രച്ഛന്നസാന്നിദ്ധ്യങ്ങളാണ്.

ഇടശ്ശേരിയെ ശക്തിയുടെ കവിയെന്നു പലരും വിശേഷിപ്പിച്ചിട്ടുണ്ട്. വാസ്തവത്തിൽ അദ്ദേഹം പൗരുഷത്തിന്റെ കവിയാണ്. അദ്ദേഹത്തിന്റെ കവി തകളിൽ പ്രകടമായിക്കാണുന്ന അലസത ഇഷ്ടപ്പെടാതെ വീക്ഷണവും കർമ്മ തല്പരതയും പോരാടിനേടാനുള്ള ഇച്ഛാശക്തിയും അദ്ദേഹത്തിൽ നിലീന മായിരിക്കുന്ന ആയോധന പാടവവുമായി ചേർത്തുവായിക്കണം. വള്ളുവനാ ട്ടിന്റെയും ഏറനാട്ടിന്റെയും സമരപാരമ്പര്യത്തിൽ നിറഞ്ഞിരിക്കുന്ന മാമാങ്ക ച്ചാവേറുകളുടെ ശൗര്യവും വീര്യവും നമുക്കു വിസ്മരിക്കാവതല്ല. മാമാങ്ക ച്ചാവേറുകളുടെ രക്തംകൊണ്ടു ചുവന്ന തിരുനാവായ്ക്കടുത്തു പിറക്കുകയും ആ സാഹസിക കഥകൾ കേട്ടു വളരുകയും ചെയ്ത പാരമ്പര്യവും അതു വളർത്തിയെടുത്ത പൗരുഷവുമാണ് ഇടശ്ശേരി. അങ്കക്കലിക്കൊണ്ട് കാഴ്ച നഷ്ട പ്പെട്ടു പരിസരം മറന്ന ഒരു യോദ്ധൃപാരമ്പര്യത്തിന്റെ മൂർത്താവിഷ്കാരം സങ്ക ല്പിക്കണമെങ്കിൽ മാമാങ്കച്ചാവേറിന്റെ സമരവീര്യം അബോധമസ്സിന്റെ പ്രേര ണയായി നിൽക്കണം.

"പോർക്കലിയാവേശിക്കെയാരക്തവക്ത്രൻ, വാലും

പൊക്കിയമ്മാറിൽ ശസ്ത്രാഘാതത്തീ ചിതറിച്ചും

മുന്നോട്ടു മുന്നോട്ടാഞ്ഞു കുതിച്ചു കേറും ഭവ-

ദുന്നത സ്വരൂപമെൻ ധ്യാനത്തിൽ തെളിയാവൂ"[45] എന്ന് ഹനുമാന്റെ

രൂപം മനസ്സിൽ ധ്യാനിക്കുന്ന ഇടശ്ശേരിയുടെ മനസ്സുപ്രവർത്തിക്കുന്ന വിധം അറിയണമെങ്കിൽ തോളറ്റു മരിച്ചുവീഴാൻ തുടങ്ങുമ്പോൾ ഒറ്റച്ചവിട്ടിനു ചേറ്റുവാപ്പണിക്കാരക്കൊന്ന ചന്തിരത്തിൽ ചന്തുണ്ണിയെന്ന മാമാങ്കച്ചാവേറിന്റെ അങ്കക്കലിയറിയണം. കളരിയുടെ ആ ചിട്ടകളും അനുഷ്ഠാനങ്ങളും മുറതെറ്റിക്കാത്ത ഉൾക്കരുത്താക്കിയ കവിഹൃദയത്തിന്റെ സൗന്ദര്യസങ്കല്പം ഏതുവിധം പ്രവർത്തിക്കുന്നുവെന്നുകൂടി കാണുക:

“കാവിലെക്കുളത്തിലായാൾ ചാടിമുങ്ങി വന്നു
ഭൂവിനെത്തൊഴുതു തന്റെ മാതൃപാദംപോലെ
താണുനിന്നൊളിപെറുംതൻ വാളിനേയും കൂപ്പി”[46] സ്വന്തം ബലി അനുഷ്ഠിക്കുന്ന ബാലമനസ്സിന്റെ നിശ്ചയദാർഢ്യം ഉൾക്കൊള്ളണമെങ്കിൽ കളരിയിൽ കച്ചകെട്ടി വ്രതമെടുക്കുന്ന പയറ്റുറച്ച അങ്കച്ചേകവരുടെ മനസ്സറിയണം. സംഘജീവിതത്തിൽ ജാതിക്കുള്ള പ്രാധാന്യം ഫോക്പഠനം ഗൗരവത്തോടെ പരിഗണിക്കുമ്പോൾ ഇടശ്ശേരി നായർസമുദായത്തിൽപ്പെടുന്നുവെന്നതിനു പോലും പ്രസക്തിയേറെയുണ്ട്. ഇത്തരം പിന്നാമ്പുറങ്ങളിലൂടെ വേണം ഇടശ്ശേരിയെ വീക്ഷണത്തിലേയ്ക്കെത്തേണ്ടത്. “പുത്തൻകലവും അരിവാളും” എന്ന കവിതയിൽ കലികൊള്ളുന്ന കോമനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട്

“അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ” എന്നു പറയുമ്പോൾ കാർഷികജീവിതവും ആയോധനകലയും കൂട്ടിക്കെട്ടിയ നാടിന്റെ അനുഷ്ഠാനപാരമ്പര്യമാണ് ധ്വനിക്കുന്നത്. ഇങ്ങനെ അബോധതലങ്ങളിൽ നാടൻ ജീവിതത്തിന്റെ ശക്തിയും ഊർജ്ജവും കാക്കുകയും അവയെ വാക്കിന്റെ കലയിലൂടെ പ്രത്യക്ഷീകരിക്കുകയും ചെയ്ത ഇടശ്ശേരിയുടെ കവിതകൾ അധിനിവേശത്തിന്റെ എല്ലാ വിഹ്വലതകളിൽനിന്നുമുക്തമാണെന്നുകൂടി എടുത്തുപറയേണ്ടതുണ്ട്.

നാടുവിട്ട പാശ്ചാത്യൻ അവശേഷിപ്പിച്ചുപോയ പുതിയ കാവ്യസംസ്കൃതിയിൽ പ്രകടമാവുന്ന അന്യാധീനപ്പെടലിനെ നാട്ടുവഴക്കങ്ങളുടെ മുറയും മര്യാദയും കൊണ്ട് പ്രതിരോധിക്കാനുള്ള അഭിനിവേശം ഇടശ്ശേരിക്കുണ്ട്. നാടൻവിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം അബദ്ധങ്ങളാണെന്നു വിപ്ലവകാലം പ്രോജ്വലിപ്പിച്ച അന്തരാളസ്ഥിതി ഒട്ടൊക്കെ ഇടശ്ശേരിയെയും ബാധിച്ചിരുന്നു. ഇക്കാര്യം തുറന്നുതന്നെ സമ്മതിക്കുന്ന കവിഭാവനയെ അടുത്ത പരിചയപ്പെടുത്തുന്ന സന്ദർഭങ്ങൾ അങ്ങിങ്ങു കണ്ടെത്തുകയുമാകാം:

“ഈറ്റില്ലമാണിതു സമ്പത്തിനൊക്കെയും
നോറ്റുമുടിയുകയാണിങ്ങു മർത്ത്യത”[47]. ഭൗതികസാഹചര്യങ്ങൾ വികസിച്ചു വരണമെന്നും അതിനനുയോജ്യമായി ജീവിതം ക്രമപ്പെടേണ്ടതുണ്ടെന്നും ഇടശ്ശേരിക്കറിയാം. എങ്കിലും

എന്തുനേടി അറിയില്ലെന്നിളം തലമുറ, പക്ഷേ
എന്തു നഷ്ടപ്പെടാനുണ്ടെന്നറിഞ്ഞേപറ്റൂ എന്നു ‘ഒരു പിടി നെല്ലിയ്ക്ക’യിൽ[48] ഓർമ്മിപ്പിക്കുവാനും അദ്ദേഹം മടിക്കുന്നില്ല. ഇരുപത്തൊന്ന് ഏഴ് അറുപത്തൊൻപത് എന്ന കവിതയിൽ

“പിന്നിലേയ്ക്കെണ്ണണം പ്രായം മനുഷ്യന്നു
മുന്നേറും വിജ്ഞാനജീവിതത്തിൽ”[49] എന്നു ആവർത്തിച്ചുറപ്പിക്കുകയും ചെയ്യുന്നു. ഭാഷയുടെ മൊഴിയും മുറയുമറിയുമ്പോൾ നാനാജഗന്മനോരമ്യ ഭാഷയെ പേച്ചിന്റെ ശക്തിയും ഓജസ്സും പോയ്മറയുമെന്ന് അദ്ദേഹം പള്ളിക്കൂടത്തിലേയ്ക്കു വീണ്ടുമെന്ന കവിതയിൽ ഓർമ്മിപ്പിക്കുകയാണ്. വിദ്യയെ അനുഷ്ഠാനകേന്ദ്രമാക്കുന്ന പള്ളിക്കൂടം എന്ന വാക്കുതന്നെ തെരഞ്ഞെടുത്തതിനു പിന്നിൽപ്പോലുമുണ്ട് ഇടശ്ശേരിയുടെ നാട്ടുവഴക്കം.

ഇടശ്ശേരി മാറ്റത്തെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും അതു സ്വത്വനിഷേധത്തിനു കാരണമാകരുതെന്നു കൂടി നിർബന്ധമുണ്ട്. ഉടച്ചുവാർക്കലല്ല ഉടയാതെ കാക്കുവാനും മാറുവാനുമുള്ള അഭിവാഞ്ഛയാണു ഇടശ്ശേരിയുടെ തത്ത്വശാസ്ത്രം. അദ്ദേഹംതന്നെ മനസ്സുതുറക്കുന്നു: “മുന്നേറിക്കൊണ്ടിരിക്കുന്ന യന്ത്രയുഗത്തെ ആവശ്യത്തിൽക്കവിഞ്ഞ് സ്വാഗതം ചെയ്യുന്ന ആളല്ല

ഞാൻ. പക്ഷെ, പാറുവിന്റെ കൂടെ നിന്നു റൈസ്മില്ലിന്റെ മുഖത്ത് ഒരാട്ടാട്ടാനുള്ള കൗതുകം മാത്രമല്ല, ഈ കവിതയെഴുതാനുണ്ടായ പ്രചോദനം. വൈരൂപ്യം, സൗശീല്യം, ദുശ്ശീലം ഇവയെക്കുറിച്ച് നമുക്കുള്ള സങ്കല്പത്തിന്റെ കെട്ടുറപ്പ് ഒന്നു പരീക്ഷിക്കാൻകൂടി തോന്നി"[50] മൂല്യങ്ങളെ കാത്തുകൊണ്ടുള്ള ഒത്തുതീർപ്പാകണം ഏതുമാറ്റവുമെന്ന അവബോധം ഇടശ്ശേരി സൂക്ഷിച്ചിരുന്നു. സ്വമതം അദ്ദേഹം കവിതയിൽ അവതരിപ്പിക്കുന്നതു കാണുക:

"..................നേരിൽ
നിർമ്മലത്വത്തിനൊപ്പം നരച്ചോരെൻ മുത്തശ്ശി
അമ്മിഞ്ഞക്കണ്ണും തിരുപ്പിടിച്ചമ്മടിത്തട്ടി
ലങ്ങിനെ കിടന്നു ഞാൻ പഠിച്ചുള്ളൊരു പാഠം
ഉറച്ചുകഴിഞ്ഞിതാ,ണെങ്ങിനെ മതിയാമ-
തുടച്ചു മറ്റൊന്നാക്കാൻ പുതിയശാസ്ത്രജ്ഞാനം"[51]. വികാസമെന്നാൽ തനിമയെ നശിപ്പിച്ചുകൊണ്ടുള്ള സ്വാംശീകരണമല്ലെന്നു അദ്ദേഹം ഊന്നിപ്പറയുന്ന നിരവധി സന്ദർഭങ്ങളുണ്ട്.

"ഉള്ള വെളിച്ചവുമൂതിക്കെടുത്തുന്ന
ഭള്ളുമൊടുവിൽക്കുനിയും
അന്തിത്തിരിയുമായെത്തുന്ന നിങ്ങൾതൻ
മുമ്പിലിളമുറക്കാരെ'[52] എന്നു പുതിയ തലമുറ വളരേണ്ട വിധവും അദ്ദേഹം കുറിച്ചുവെച്ചിട്ടുണ്ട്. സംസ്കരിക്കപ്പെട്ടവയല്ല ഫോക്‌ലോറെന്ന വാദമുണ്ടായേക്കാമെങ്കിലും ജൈവനിയോഗത്തിന്റെ മൃഗസഹജതയിൽ നിന്ന് മനുഷ്യനെ സംസ്കരിച്ചെടുക്കുന്ന വാമൊഴിപാഠങ്ങളാണ് ആചാരങ്ങൾ. മനുഷ്യർ സ്വന്തം സ്വത്വങ്ങൾ തിരിച്ചറിയുന്നതും സമൂഹത്തിന്റെ ഭാഗമായിത്തീരുന്നതും ആചാരങ്ങളിലൂടെയാണ്. അതിനാൽ

"കുനിഞ്ഞു കൈപിടിപ്പിച്ചമ്മ
തൊഴുവിപ്പിച്ചിതെന്നെയും
'ദെണ്ണം പിടിപ്പിക്കരുതേ
തമ്പാട്ടീ' ഏറ്റുചൊല്ലി ഞാൻ"53 എന്നു ആചാരങ്ങൾ ശീലിപ്പുക്കുന്ന മാതൃത്വത്തെ തള്ളിപ്പറയാത്തവരാകണം പുതുമയുടെ സാന്നിദ്ധ്യങ്ങളെന്നു ഇടശ്ശേരിക്കു നിർബന്ധമുണ്ട്.

ഫോക്‌ലോറിനെ നിയതമായ ചില ഉദ്ദേശ്യങ്ങളോടെ ഉപയോഗപ്പെടുത്തുന്നതിനെ ഫോക്‌ലോറിസമെന്നു വിളിക്കാറുണ്ട്. സാഹിത്യത്തിൽ സംഭവിക്കുന്നത് ഫോക്‌ലോറിസമാണത്രെ. തനതായ നിലവിട്ട് പ്രയോഗിക്കപ്പെടുന്ന ഫോക്ഘടകങ്ങളെ പ്രയുക്തഫോക്‌ലോറെന്നും വിളിക്കാറുണ്ട്. ഫോക്‌ലോറിസത്തിന്റെയും പ്രയുക്തഫോക്‌ലോറിന്റെയും വിതാനങ്ങളിൽ കയറിയുമിറങ്ങിയും വരുന്ന ഫോക്‌ലോർഘടകങ്ങളാണ് സാഹിത്യത്തിൽ ഏറെയും. അതോടൊപ്പം നിയതമായ ബോധതലത്തിൽനിന്നുകൊണ്ട് പ്രയോഗിക്കാത്ത ഫോക്‌ലോറുകളെ ഈ രണ്ടു പട്ടികയിലും ഉൾപ്പെടുത്താനാവുകയില്ല. അതിനാൽ സംഘാത്മകജീവിതത്തിന്റെ അദൃശ്യപ്രേരണയായി വാമൊഴിസമാനം കാവ്യസന്ദർഭങ്ങളിൽ പ്രകടമാകുന്ന ഫോക്‌ലോറുകളെ തനതായും പരിഗണിക്കേണ്ടിവരും. ഇടശ്ശേരിക്കവിതയിൽ ഇവയ്ക്കെല്ലാം ഉദാഹരണം കണ്ടെത്താം. പലപ്പോഴും പാരമ്പര്യത്തിന്റെ ബോധതലങ്ങളിൽനിന്നുകൊണ്ട് ഉൾക്കൊള്ളേണ്ടുന്ന പെങ്ങൾപോലുള്ള സങ്കല്പങ്ങളിൽ ധ്വനിയായി ഫോക്‌ലോർ സന്നിഹിതമാകുന്നു. ഇവിടെ കാവ്യരചനയുടെ മാനകങ്ങളിൽ കവി കാട്ടുന്ന കയ്യൊതുക്കം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. സംഘാത്മ കവിനിമയത്തിൽ രൂപം കൊള്ളുന്ന പുതിയ പ്രവണതകളെ ഫേക്‌ലോറെന്നാണ് വിശേഷിപ്പിക്കാറുള്ളത്. അത്തരത്തിലുള്ള ചില പ്രയോഗങ്ങളും ഇടശ്ശേരിക്കവിതയിലുണ്ട്. കോടതി, ആമീൻ, ജപ്തി, റിപ്പബ്ലിക്, ലിഫ്ട് ഇറിഗേഷൻ കനാൽ, ഹോട്ടൽക്കാരികൾ, ആമീൻ, ജപ്തി, റിപ്പബ്ലിക്, ലിഫ്ട് ഇറിഗേഷൻ കനാൽ, ഹോട്ടൽക്കാരികൾ, ക്യാപ്റ്റൻ, കൈലേസ് തുടങ്ങി മലയാളികളുടെ വഴക്കങ്ങളിൽ കടന്നെത്തിയ നൂതനമായ ശബ്ദാവലികൾ ഇതിനായി ഉദാഹരിക്കാം. സർവ്വോദയമേളയിൽ, പണിമുടക്കം, പത്രാധിപർക്കൊരു കത്ത്,

അധ്യക്ഷപ്രസംഗം തുടങ്ങി മാറുന്ന മലയാളികളുടെ ശീലങ്ങൾക്ക് ഇനിയും ഉദാഹരണങ്ങളുണ്ട്. 'കുറ്റിപ്പുറംപാലം' എന്ന കവിതയാകട്ടെ നദിയെ അമ്മ യായി കാണുന്ന തായ്സംസ്കൃതിയുടെ ആശങ്കയാണ്. ഫോക്‌ലോറുകളുടെ ഇത്തരം സൈദ്ധാന്തികപരിസരങ്ങൾകൂടി പരിഗണിച്ചുവേണം ഇടശ്ശേരിക്ക വിതകളിലെ ഫോക്സംസ്കാരം പഠിക്കപ്പെടേണ്ടത്.

അമർത്തപ്പെട്ട ജനതയുടെ സാംസ്കാരികബോധത്തിന്റെ വാങ്മയങ്ങ ളാണ് ഇടശ്ശേരിയുടെ വരമൊഴികല. അകത്തും പുറത്തും ഏറെ ശകാരിക്ക പ്പെടുകയും നിരാകരിക്കപ്പെടുകയും ചെയ്ത ജീവിതാവബോധങ്ങൾക്കു കുരു തിയൊരുക്കി കാത്തിരിക്കുന്ന ഇടശ്ശേരി കാലങ്ങളുടെ അതിരുകൾ ലംഘി ച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ മലയാളിക്ക് ഇടശ്ശേരിയെ മനസ്സിലാക്കാൻ കാലമേറെ വേണ്ടിവരുകയും ചെയ്തു. വിപ്ലവാശയങ്ങളുടെ അന്യവൽക്കര ണത്തിൽ അന്യാധീനപ്പെട്ട പാരമ്പര്യഘടകങ്ങളെ വീണ്ടെടുക്കാനുള്ള ശ്രമം വ്യാപകമാണിന്ന്. ഇതുപോലും പാർട്ടിക്കു മുതൽക്കൂട്ടാകണമെന്ന ചിന്ത യോടെ പുതിയ പാഠങ്ങളും സിദ്ധാന്തങ്ങളും തയ്യാറാക്കി വെട്ടുകയും നിര ത്തുകയും ചെയ്യുന്ന കാഴ്ച വർത്തമാനകാലത്തിന്റെ ഇരുണ്ട തമാശയായി അവഗണിക്കാം.

"വാളും ഗ്രന്ഥവും പൂജിച്ചു പോന്നു
വാരഞ്ചും തവ കോവിലിലൊപ്പം
തയ്യാം നാളേ, തഴച്ചുയർന്നൂ നീ
മെയ്യിൽ ബുദ്ധിയിലും മലനാടേ!"[54] എന്നു തനിമയുടെ രാഗവും താളവും നെഞ്ചോടടക്കി പരിവർത്തനത്തെ സ്വപ്നം കണ്ട ഇടശ്ശേരി കവിത യിലൂടെ പുനർജ്ജനിനൂഴുമ്പോൾ മലയാളത്തിന്റെ അതിജീവനം ഒരു ചർച്ച യാകേണ്ടിവരില്ല. പക്ഷെ ആ വഴി ഇന്നും നമുക്കു പഥ്യമല്ലല്ലോ.

അടിക്കുറിപ്പുകൾ

1. കൈക്കോട്ടിന്റെ ചിരി പുറം 221
2. മലനാട്, പുറം 415
3. തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, പുറം 443
4. പുത്തൻകലവും അരിവാളും, പുറം 225
5. നാളത്തെപാട്ട്, പുറം 239
6. അമ്മിണിയും അനുജനും, പുറം 756
7. തന്റെ മകളെ താൻ തീനീ, പുറം 420
8. പ്രവാസത്തിൽ, പുറം 138
9. പൊട്ടിപുറത്ത് ശീവോതി അകത്ത്, പുറം 563
10. പുത്തൻകലവും അരിവാളും, പുറം 225
11. അന്തിത്തിരി, പുറം 722
12. ഹനുമദ്സേവ തുഞ്ചൻപറമ്പിൽ, പുറം 555
13. വീണ്ടും ഓണം, പുറം 497
14. ടി പുറം 432
15. ഇന്നത്തെ ചിന്താവിഷയം, പുറം 537
16. അമ്മിണിയും അനുജനും, പുറം 757
17. പൂവിളി, പുറം 564
18. ചൂരലിന്റെ മുമ്പിൽ, പുറം 462
19. തന്റെ മകളെത്താൻതീനി, പുറം 421
20. രണാങ്കണത്തിൽ, പുറം 103
21. പിൻനിലാവുള്ള രാത്രി, പുറം 675
22. വർണ്ണക്കുപ്പായം, പുറം 719
23. പുത്തൻകലവും അരിവാളും, പുറം 225
24. പുറം 405
25. പുറം 818
26. പുറം 847
27. പുറം 372

28. യുദ്ധകാലത്തെ ഓണം, പുറം 215
29. കൈക്കോട്ടിന്റെ ചിരി, പുറം 221
30. പൊട്ടിപുറത്ത് ശീവോതി അകത്ത്, പുറം 252
31. പുത്തൻകലവും പൊന്നരിവാളും, പുറം 561
32. ഈറ്റില്ലം, പുറം 691
33. ചൂരലിന്റെ മുമ്പിൽ, പുറം 462
34. വിവാഹസമ്മാനം, പുറം 476
35. പൂതപ്പാട്ട്, പുറം 370
36. കാവിലെപ്പാട്ട്, പുറം 506
37. ഹിമാലയം നമ്മുടെ കോട്ട, പുറം 605
38. പുലരെപ്പുലരെപ്പൊന്നോണം, പുറം 515, 516
39. ചൂരലിന്റെ മുമ്പിൽ, പുറം 462
40. കുങ്കുമപ്രഭാതം, പുറം 813
41. ചൂരലിന്റെ മുമ്പിൽ, പുറം 462
42. അമ്മിണിയും അനുജനും, പുറം 756
43. കാവിലെപ്പാട്ട്, പുറം 512
44. അമ്മാവൻ വന്നു, പുറം 631
45. ഹനുമൽസേവ തുഞ്ചൻ പറമ്പിൽ, പുറം 556
46. കാവിലെപ്പാട്ട്, പുറം 510
47. പുറം 631
48. പുറം 611
49. പുറം 686
50. പുറം 403
51. സത്യവും സൗന്ദര്യവും, പുറം 227
52. അന്തിത്തിരി, പുറം 723
53. ഞാൻ പ്രാർത്ഥിക്കുന്നു, പുറം 731
54. മലനാട്, പുറം 416

ആധാരഗ്രന്ഥം – ഇടശ്ശേരിയുടെ കവിതകൾ, വള്ളത്തോൾ വിദ്യാപീഠം, ജൂലൈ 1988

(സാഹിത്യലോകം ജനുവരി, ഫെബ്രുവരി 2004)